"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ക്ഷീര വികസന വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീര വികസന വകുപ്പ്**

**സ.ഉ.(സാധാ) നം.32/2026/DD** **തിരുവനന്തപുരം, തീയതി, 16-03-2026**

---

പരാമർശം:-
1. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 11.03.2026-ലെ DDDKER/995/2026-ES1 നമ്പർ കത്ത്.
2. സ.ഉ.(അച്ചടി) നം. 6/2026/ഡിഡി തീയതി 12.03.2026.

**ഉത്തരവ്**

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റിൽ ജോയിന്റ് ഡയറക്ടർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ബോബി പീറ്റർ, ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചതുമൂലം ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് 2026-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ. ജയസുജീഷ് ജെ എസ്- ന് സ്ഥാനക്കയറ്റം നൽകണമെന്ന് ക്ഷീര വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ജയസുജീഷ് ജെ എസ് പരാമർശം (2) പ്രകാരം 2026-ലെ ജോയിന്റ് ഡയറക്ടർ തസ്തികയുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ശ്രീ. ജയസുജീഷ് ജെ എസ്-ന് ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി, ശ്രീമതി. ബോബി പീറ്റർ, ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചതുമൂലം ഡയറക്ടറേറ്റിൽ നിലവിൽ വന്നിട്ടുള്ള ഒഴിവിൽ, ക്ഷീരവികസന വകുപ്പ് ജോയിന്റ് ഡയറക്ടർ (ജനറൽ) ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ജയസുജീഷ് ജെ എസ്-ന് ( ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
M Noushad
Date: 16-03-2026 16:31:56

സെക്ഷൻ ഓഫീസർ